LIBRARY ARCHIVES Kerala Legislative Assembly

ഒറ്റത്തവണയായി റഫറൻസ് നൽകുന്നുണ്ട്. നിലവിൽ കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി യൂണിറ്റുകൾ ഉൾപ്പെടുത്തി തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

മാനന്തവാടി ഇ.എസ്.ഐ. ഡിസ്പെൻസറി

284(4294) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

മാനന്തവാടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ 15-9-2017-ലെ സ.ഉ(കൈ) നം.75/2017/തൊഴിൽ പ്രകാരം അനുമതി നൽകുകയും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ 9 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ വാടക കെട്ടിടം കണ്ടെത്തി ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിടം കണ്ടെത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നു. ഇക്കാര്യത്തിൽ CPP Portal വഴി 18-12-2020-ന് ക്ഷണിച്ച അഞ്ചാമത്തെ റീ ടെണ്ടറിൽ ആരുംതന്നെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്താനായിട്ടില്ല.

കക്കയം ഹൈഡൽ പ്രോജക്ടിനുവേണ്ടി ഭൂമി പോക്കുവരവ് നടത്തുന്നത്

285(4295) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കെ. എസ്. ഇ. ബി. എൽ. ഹൈഡൽ പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്ത നമ്പർ 3/66 പ്രകാരമുള്ള ഭൂമി പോക്കുവരവ് നടത്തി റവന്യൂ രേഖകളിൽ മാറ്റംവരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയുടെ പോക്കുവരവ് നടത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ?

(എ&ബി) കക്കയം കെ.എസ്.ഇ.ബി.എൽ. ഹൈഡൽ പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്ത നമ്പർ 3/66 പ്രകാരമുള്ള ഭൂമി പോക്കുവരവ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ 04/08/2021-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി പോക്കുവരവ് നടത്തി കൂടിശ്ശിക സഹിതം നികുതി സ്വീകരിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.